ആകെ ആവശ്യമായ 311 തസ്തികകളിൽ 117 തസ്തികകൾ സൃഷ്ടിച്ചു. ബാക്കിയുള്ള 194 തസ്തികകൾകൂടി സൃഷ്ടിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ആരോഗ്യ സർവ്വകലാശാല രൂപീകൃതമായതിനുശേഷം ആകെ 260 കോളേജുകൾ യൂണിവേഴ്സിറ്റിയുടെ കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. മറ്റ് യൂണിവേഴ്സിറ്റികളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളുടെ എണ്ണം: കുസാറ്റ് - 27, കേരള - 228, എം.ജി - 268, കാലിക്കട്ട് - 339, കണ്ണൂർ - 113, കുവാസ് - 260 എന്നിങ്ങനെയാണ്. ഈ കോളേജുകളെല്ലാം മുൻകാലങ്ങളിൽ മറ്റ സർവ്വകലാശാലകളുടെ കീഴിൽ നിലനിന്നിരുന്നു. ഇത്രയും കോളേജുകൾ മറ്റ സർവ്വകലാശാലകളിൽനിന്നും ആരോഗ്യ സർവ്വകലാശാലയിലേയ്ക്ക് അഫിലിയേറ്റ് ചെയ്തപ്പോൾ മറ്റ് സർവ്വകലാശാലകളിൽ വന്നിട്ടുള്ള അധിക തസ്തികകൾ കണ്ടെത്തുന്നതിനുള്ള നടപടികളുമായി മുന്നോട്ടു പോകുകയാണ്. കൂടുതലായി മറ്റ സർവ്വകലാശാലകളിൽ ജീവനക്കാർ ഉണ്ടെങ്കിൽ അത് ആരോഗ്യ സർവ്വകലാശാലയിലേയ്ക്കുമാറ്റി നൽകുന്ന വിഷയം പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. തീർച്ചയായും അവിടെ ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റിയുടെ ഭരണം സുതാര്യമായി നടപ്പിലാക്കുന്നതിനായി സർക്കാരിന്റെ ഭാഗത്തുനിന്ന് നിയമാനുസൃതമുള്ള നടപടികൾ ഗവൺമെന്റ് തീർച്ചയായും സ്വീകരിക്കും.

7. മന്ത്രരോഗം

ശ്രീ. പി. തിലോത്തമൻ : സർ, മന്ത്രരോഗം വളരെ വ്യാപകമായി ഉണ്ടായിരുന്ന സ്ഥലമാണ് ചേർത്തല. ഫൈലേറിയ ഡിപ്പാർട്ടുമെന്റിന്റെ ദീർഘകാലത്തെ കാര്യക്ഷമമായ പ്രവർത്തനവും കേന്ദ്ര ഗവൺമെന്റിന്റെ വി.സി.ആർ.സി.-യുടെ സേവനങ്ങളും വഴി ഈ രോഗത്തിൽനിന്ന് പുതിയ തലമുറയെ നമുക്ക് മോചിതരാക്കാൻ കഴിഞ്ഞിരുന്നു. അവിടെ പഴയ തലമുറയിലെ ഏതാനും ആളുകൾക്ക് മാത്രമാണ് ഇന്ന് മന്ത്രരോഗമുള്ളതായി കാണാൻ കഴിയുന്നത്. പുതിയ തലമുറയെ നമുക്ക് അതിൽനിന്നും മോചിപ്പിക്കാൻ കഴിഞ്ഞിരുന്നുവെന്നുള്ളത് എടുത്തുപറയേണ്ട പ്രത്യേകതയാണ്. എന്നാൽ ഈ കഴിഞ്ഞ ദിവസം, ചേർത്തലയിലും ആലപ്പുഴയിലുമുള്ള കൊച്ചുകുട്ടികളിൽ മന്ത്രരോഗം ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുകയാണ്. ഇത് വല്ലാത്ത ആശങ്കയാണ് പൊതുജനങ്ങളിൽ സൃഷ്ടിച്ചിട്ടുള്ളത്. വി.സി.ആർ.സി.-യുടെ പ്രവർത്തനം ചെന്നൈയിലേയ്ക്ക് വിത്ഡ്രോ ചെയ്തു. ഫൈലേറിയ ഡിപ്പാർട്ടുമെന്റിന്റെ നിലവിലുണ്ടായിരുന്ന ഓഫീസിന്റെ പ്രവർത്തനം ഷിഫ്റ്റ് ചെയ്ത് മറ്റുപല ജില്ലകളിലേയ്ക്കും കൊണ്ടുപോയിരിക്കുകയാണ്. അതിന്റെ പ്രവർത്തനം നടക്കുന്നില്ല. ഈ ഒരു സാഹചര്യമാണ് മന്ത്രരോഗം ഇന്ന് കുട്ടികളിൽ റിപ്പോർട്ട് ചെയ്യപ്പെടാൻ ഇടയാക്കിയതെന്നാണ് പൊതുവേ മനസ്സിലാക്കുന്നത്. ഏതായാലും ആശങ്കാജനകമായ ഈ സ്ഥിതിവിശേഷത്തിന് അടിയന്തര പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ നേതൃത്വത്തിൽ രണ്ടു ഫീൽഡ് സ്റ്റേഷനുകളായ ചേർത്തല, കായംകുളം എന്നിവിടങ്ങളിലും ആലപ്പുഴയിലും മന്ത്രരോഗ നിർണ്ണയ സർവ്വേ നടത്തിവരുന്നു. കൃത്യമായി നടന്നുവരുന്ന സർവ്വേയുടെ ഫലമായാണ് തുടക്കത്തിൽത്തന്നെ മന്ത്രരോഗ ബാധിതരെ കണ്ടെത്താൻ കഴിഞ്ഞത്. പഴയ ഫൈലേറിയ യൂണിറ്റ് നിലവിൽ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റായിട്ടാണ് പ്രവർത്തിക്കുന്നത്. ഈ യൂണിറ്റിന്റെ പ്രവർത്തനം എല്ലാ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കും ഉപയോഗിക്കുന്നുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെ രോഗനിർണ്ണയം കാര്യക്ഷമമായി നടത്തിവരുന്നു. ഇതുകൂടാതെ വെക്ടർ കൺട്രോൾ ആലപ്പുഴ ജില്ലാ യൂണിറ്റിൽ ചൊവ്വ, വെള്ളി ദിവസങ്ങളിലും ചേർത്തല യൂണിറ്റിൽ തിങ്കളാഴ്ചയും നൈറ്റ് ക്ലിനിക് പ്രവർത്തിക്കുന്നു. 1997 മുതൽ ആലപ്പുഴ, കോഴിക്കോട് ജില്ലകളിൽ മന്ത്രരോഗ സമൂഹ ചികിത്സാ പരിപാടി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ദേശീയ മാനദണ്ഡങ്ങൾക്കനുസരിച്ച് മന്ത്രരോഗ പ്രതിരോധ ഗുളിക വിതരണവും കഴിപ്പിക്കലും വർഷംതോറും നടത്തിവരുന്നു. ആലപ്പുഴ ജില്ലയിൽ ചേർത്തല ഉൾപ്പെടുന്ന എട്ടു സ്ഥലങ്ങളിൽ 2004-നുശേഷം ഓരോ വർഷവും നടത്തിയ സർവ്വേയിൽ ശരാശരി മന്ത്രരോഗാണു നിരക്ക് ഒരുശതമാനത്തിനും താഴെയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. 2014-ൽ ആലപ്പുഴ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ് നടത്തിയ രാത്രികാല മന്ത്രരോഗാണു സർവ്വേയിൽ 8159 പേരുടെ രക്തം പരിശോധിച്ചതിൽ രണ്ടുപേരിൽ മാത്രമാണ് രോഗാണുക്കൾ ഉണ്ടായിരുന്നത്, 0.02 ശതമാനം. 2015 ജൂലൈ വരെ 5177 പേരുടെ രക്തപരിശോധന നടത്തിയതിൽ മേയ്, ജൂൺ മാസങ്ങളിൽ ഓരോ വ്യക്തികളിൽ രോഗാണുവിനെ കണ്ടെത്തിയിരുന്നു, 0.03 ശതമാനം. ഇതിൽ ഒരു കേസ് ചേർത്തല നഗരത്തിൽ നിന്നുള്ളതാണ്. രോഗാണുക്കൾ ഉള്ളതായി കണ്ടെത്തിയ ആളിന് കൃത്യമായ ചികിത്സ നൽകി. ഇതിൽ നിന്നും ലോകാരോഗ്യ സംഘടന നിഷ്കർഷിച്ചിരിക്കുന്ന ഒരുശതമാനം രോഗാണു നിരക്കിനേക്കാൾ വളരെ കുറവാണ് ആലപ്പുഴ ജില്ലയിലുള്ളതെന്നും മനസ്സിലായി. അതുകൊണ്ട് ചേർത്തലയിൽ മന്ത്രരോഗ വ്യാപന സാധ്യത ആശങ്കപ്പെടുന്ന വിധം ഇല്ലായെന്നുള്ളതാണ് മനസ്സിലാക്കുന്നത്.

VI അറിയിപ്പ്

ചട്ടം മൂലവ് ചെയ്യുന്നത് സംബന്ധിച്ച്

മി. സ്പീക്കർ : ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ നിയമനിർമ്മാണകാര്യത്തിൽ മൂന്നു ബില്ലുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഒന്നാമതായി സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത 2015-ലെ കേരള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധി

LIBRARY ARCHIVES Kerala Legislative Assembly